3173
13/2/17

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ് - മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിന് തദ്ദേശ ഭരണ തലത്തിൽ ജനജാഗ്രതാ സമിതികൾ രൂപീകരിച്ച് പുറപ്പെടുവിച്ച ഉത്തരവ് റദ്ദ് ചെയ്തുകൊണ്ട്, പുതുതായി ജനജാഗ്രതാ സമിതികൾ രൂപീകരിച്ചും മാർഗ്ഗനിർദ്ദേശങ്ങൾ നിശ്ചയിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (ഡി) വകുപ്പ്

സ.ഉ.(സാധാ) നം. 51/2017/വനം. തിരുവനന്തപുരം, തീയതി, 07.02.2017.

---

പരാമർശം - 1. സ.ഉ (സാധാ)നം.2/2017/വനം തീയതി 03.01.2017.
2. വന്യജീവി വിഭാഗം മുഖ്യവനപാലകന്റെ 24.01.2017 ലെ ഡബ്ല്യൂ.എൽ 1-50934/2016 നമ്പർ കത്ത്.

**ഉത്തരവ്**

വന്യജീവികൾ വനത്തിന് പുറത്തിറങ്ങി പ്രദേശവാസികളുടെ കൃഷിയ്ക്കും വസ്തുവകകൾക്കും നാശനഷ്ടമുണ്ടാക്കുകയും, മനുഷ്യർക്ക് ജീവഹാനി സംഭവിക്കുന്നതിനും പരിക്കേൽക്കുന്നതിനും കാരണമാവുകയും ചെയ്യുന്ന സാഹചര്യം സംസ്ഥാനത്ത് നിലനിൽക്കുന്നു എന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ മനുഷ്യ-വന്യമൃഗ സംഘർഷം തടയുന്നതിന് ജനജാഗ്രതാ സമിതികൾ രൂപീകരിച്ച് പരാമർശം ഒന്ന് പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

(2) മനുഷ്യ-വന്യജീവി സംഘർഷം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ കാര്യക്ഷമമായി ഈ പ്രശ്നം പരിഹരിക്കുന്നതിന് തദ്ദേശീയരും, ജനപ്രതിനിധികളും വനം ഉദ്യോഗസ്ഥരും ചേർന്നുള്ള ജനകീയ ജാഗ്രതാ സമിതികൾ രൂപീകരിച്ച് ഉത്തരവ് ഉണ്ടാകണമെന്ന് ജാഗ്രതാ സമിതികളുടെ പുനഃസംഘടന ഉൾപ്പെടെയുള്ള വിശദാംശങ്ങളടങ്ങിയ ശുപാർശ പരാമർശം(2) പ്രകാരം വന്യജീവി വിഭാഗം മുഖ്യവനപാലകൻ സമർപ്പിക്കുകയുണ്ടായി.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും പരാമർശം (1)ലെ സർക്കാർ ഉത്തരവ് റദ്ദ് ചെയ്തുകൊണ്ടും മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിന് പഞ്ചായത്ത്/ മുനിസിപ്പാലിറ്റി തലത്തിൽ ചുവടെ പറയും പ്രകാരം ജനകീയ ജാഗ്രതാ സമിതികൾ രൂപീകരിച്ചുകൊണ്ടും മാർഗ്ഗ നിർദ്ദേശങ്ങൾ നിശ്ചയിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

| | | |
|---|---|---|
| 1 | ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്/മുനിസിപ്പൽ ചെയർപേഴ്സൺ | : അദ്ധ്യക്ഷൻ |
| 2 | ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ്/ മുനിസിപ്പൽ വൈസ് ചെയർപേഴ്സൺ | : ഉപാദ്ധ്യക്ഷൻ |
| 3 | ഗ്രാമപഞ്ചായത്ത് /മുനിസിപ്പാലിറ്റി പരിധിയിൽ വരുന്ന വനമേഖലയുടെ ചാർജ്ജുള്ള റെയിഞ്ച് ഫോറസ്റ്റാഫീസർ/ഡെപ്യൂട്ടി റെയിഞ്ച് ഓഫീസർ | : കൺവീനർ |
| 4 | ടി മേഖലയിലെ ജില്ലാ പഞ്ചായത്ത് മെമ്പർ | : അംഗം |
| 5 | ടി മേഖലയിലെ ബ്ലോക്ക് പഞ്ചായത്ത് മെമ്പർ | : അംഗം |
| 6 | ടി മേഖലയിലെ കൃഷി ഓഫീസർ | : അംഗം |
| 7 | ടി മേഖലയിലെ വെറ്ററിനറി സർജ്ജൻ | : അംഗം |
| 8 | ടി മേഖലയിലെ വില്ലേജ് ഓഫീസർ/ വില്ലേജ് ഓഫീസർമാർ | : അംഗം |
| 9 | ടി മേഖലയിലെ കൗൺസിലർ/ കൗൺസിലർമാർ/വാർഡ് മെമ്പർ/മെമ്പർമാർ | : അംഗം |
| 10 | ടി മേഖലയിലെ വനസംരക്ഷണ സമിതി/ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റി പ്രസിഡന്റ്/പ്രസിഡന്റ്മാർ | : അംഗം |
| 11 | ടി മേഖലയിലെ ബീറ്റ് ഫോറസ്റ്റാഫീസർ/ഓഫീസർമാർ | : അംഗം |
| 12 | ഡി.എഫ്.ഒ നോമിനേറ്റ് ചെയ്യുന്ന അതാത് മേഖലയിലെ 3 കർഷകർ | : അംഗങ്ങൾ |

(4) ജനജാഗ്രതാ സമിതികൾ അടിയന്തിര സാഹചര്യങ്ങളിലും അല്ലാത്ത പക്ഷം ചുരുങ്ങിയത് മൂന്നു മാസത്തിലൊരിക്കലെങ്കിലും യോഗം ചേരേണ്ടതും സ്ഥിതിഗതികൾ വിലയിരുത്തേണ്ടതുമാണ്. സമിതിയുടെ യോഗങ്ങൾ വിളിക്കുന്നതിനും മറ്റു അനുബന്ധ ചിലവുകൾക്കും വേണ്ട തുക അതതു ഡിവിഷനിലെ "2406-01-101-81-ഫോറസ്റ്റ് പ്രൊട്ടക്ഷൻ" എന്ന ബഡ്ജറ്റ് ശീർഷകത്തിൽ വകയിരുത്താവുന്നതാണ്.

(5) യോഗത്തിൽ പങ്കെടുക്കുന്ന അനൗദ്യോഗിക അംഗങ്ങൾക്ക് ഒരു യോഗത്തിന് 300 രൂപ നിരക്കിൽ ഹോണറേറിയം ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്.

(6) ഇത് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
**പി. മാരപാണ്ഡ്യൻ,**
**അഡീഷണൽ ചീഫ് സെക്രട്ടറി.**

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ആന്റ് ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വന്യജീവി വിഭാഗം), തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ / ഓഡിറ്റ്), കേരള, തിരുവനന്തപുരം.
ഡയറക്ടർ ഓഫ് അർബൻ അഫയേഴ്സ്, തിരുവനന്തപുരം.
ഡയറക്ടർ ഓഫ് പഞ്ചായത്ത്, തിരുവനന്തപുരം.
എല്ലാ ജില്ലാ കളക്ടർമാർക്കും.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
കരുതൽ ശേഖരം/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,
Valsala
സെക്ഷൻ ഓഫീസർ.

## അനുബന്ധം

(1) ജനജാഗ്രതാ സമിതിയുടെ കോറം ആകെ അംഗസംഖ്യയുടെ മൂന്നിലൊന്ന് ആയിരിക്കും. സമിതിയുടെ യോഗം കൂടുന്നതിനുള്ള സ്ഥലം കൺവീനർ തീരുമാനിച്ച് ചെയർമാനേയും മറ്റ് അംഗങ്ങളേയും അറിയിക്കേണ്ടതാണ്.

(2) കൺവീനർമാരായ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരെ നോമിനേറ്റ് ചെയ്യുന്നത് താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായിട്ടായിരിക്കും.

(i) പഞ്ചായത്ത്/മുനിസിപ്പാലിറ്റി പൂർണ്ണമായും ഒരു ഫോറസ്റ്റ് റെയിഞ്ചിന്റെ അധികാര പരിധിയിൽ വരുന്നതാണെങ്കിൽ ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റാഫീസർ റെയിഞ്ച് ഫോറസ്റ്റാഫീസറെ നോമിനേറ്റ് ചെയ്ത് ഉത്തരവിറക്കേണ്ടതാണ്.

(ii) പഞ്ചായത്ത്/മുനിസിപ്പാലിറ്റി, ഒരു വനം ഡിവിഷനിലെ ഒന്നിൽക്കൂടുതൽ റയിഞ്ചിന്റെ പരിധിയിലാണെങ്കിൽ പഞ്ചായത്തിന്റെ/മുനിസിപ്പാലിറ്റിയുടെ പരിധിയിൽ കൂടുതൽ വിസ്തീർണ്ണമുള്ള റെയിഞ്ചിലെ റെയിഞ്ച് ഫോറസ്റ്റാഫീസറെ കൺവീനറായും മറ്റു റെയിഞ്ച് ഫോറസ്റ്റാഫീസർമാരെ അംഗങ്ങളായും ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റാഫീസർ നോമിനേറ്റ് ചെയ്യേണ്ടതാണ്.

(iii) പ്രസ്തുത പഞ്ചായത്ത്/മുനിസിപ്പാലിറ്റി ഒന്നിൽക്കൂടുതൽ വനം ഡിവിഷന്റെ പരിധിയിലാണെങ്കിൽ പഞ്ചായത്തിന്റെ പരിധിയിൽ കൂടുതൽ വിസ്തീർണ്ണമുള്ള റെയിഞ്ച് ഫോറസ്റ്റാഫീസറെ കൺവീനറായും മറ്റു വനം ഡിവിഷനുകളിലെ വനം റെയിഞ്ചുകളിലെ റെയിഞ്ച് ഫോറസ്റ്റാഫീസർമാരെ അംഗങ്ങളായും ബന്ധപ്പെട്ട സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ/കൺസർവേറ്റർ നോമിനേറ്റ് ചെയ്ത് ഉത്തരവിറക്കേണ്ടതാണ്.

(3) വനസംരക്ഷണ സമിതി/ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റി പ്രസിഡന്റ്/പ്രസിഡന്റ്മാർ, ബീറ്റ് ഫോറസ്റ്റാഫീസർ/ഓഫീസർമാർ എന്നിവരെ ബന്ധപ്പെട്ട റെയിഞ്ചാഫീസർക്ക് നോമിനേറ്റ് ചെയ്ത് നടപടി ഉത്തരവിറക്കാവുന്നതാണ്.

(4) അതാത് മേഖലകളിലെ മൂന്ന് കർഷകരെ ബന്ധപ്പെട്ട ഡി.എഫ്.ഒ-യ്ക്ക് നോമിനേറ്റ് ചെയ്ത് ഉത്തരവിറക്കാവുന്നതാണ്.

(5) റെയിഞ്ച് ഫോറസ്റ്റാഫീസർ നോമിനേറ്റ് ചെയ്ത നടപടി ഉത്തരവ് പ്രകാരം മേൽപ്പറഞ്ഞ രീതിയിൽ ജനകീയ ജാഗ്രതാ സമിതി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കേണ്ട ചുമതല ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റാഫീസർക്കായിരിക്കും.

(6) പഞ്ചായത്ത് തല ജനകീയ ജാഗ്രതാ സമിതികളുടെ ഉത്തരവാദിത്തങ്ങളും കടമകളും താഴെപ്പറയുന്നു.

1. വന്യജീവി ആക്രമണം ഉണ്ടാകുന്ന മേഖലകളിൽ വനം വകുപ്പിന്റെ ജനകീയ മുഖമായി പ്രവർത്തിച്ച് ജനങ്ങളെ സഹായിക്കുക.

2. പ്രദേശത്തിന് ഏറ്റവും യോജിച്ച പ്രതിരോധ മാർഗ്ഗങ്ങളെ കുറിച്ച് വനം വകുപ്പിനെ അറിയിക്കുക.

3. അടിയന്തിര സാഹചര്യങ്ങളിലും അല്ലാത്ത പക്ഷം ചുരുങ്ങിയത് മൂന്ന് മാസത്തിലൊരിക്കലെങ്കിലും യോഗം കൂടി വേണ്ട ശുപാർശകൾ വനം വകുപ്പ് ഡിവിഷണൽ ഫോറസ്റ്റാഫീസർക്ക് നൽകുക.

4. നിലവിൽ നിർമ്മിച്ചിട്ടുള്ള പ്രതിരോധ മാർഗ്ഗങ്ങളായ സൗരോർജ്ജ കമ്പിവേലി, കിടങ്ങ്, മതിൽ എന്നിവയ്ക്ക് കേടുപാടുകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ ആ വിവരം ബന്ധപ്പെട്ട റെയിഞ്ച് ഫോറസ്റ്റാഫീസറെ അറിയിക്കുകയും കമ്മിറ്റിയിൽ ചർച്ച ചെയ്ത് പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുക.

5. വന്യജീവി ആക്രമണം ഉണ്ടാകുന്ന പക്ഷം, എത്രയും പെട്ടെന്ന് സ്ഥലത്തെത്തി വേണ്ട നടപടികൾ സ്വീകരിക്കാൻ വനം വകുപ്പിനെ സഹായിക്കുക.

6. വനാതിർത്തി പങ്കിടുന്ന മേഖലകളിൽ വന്യജീവികളെ ആകർഷിക്കാത്ത തരത്തിലുള്ള കൃഷി നടത്തുന്നതിന് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്ന വനം വകുപ്പിന്റെ നടപടികളിൽ പങ്കാളികളാവുക.

7. വന്യജീവികൾ കാടിനു പുറത്തേക്കു വരുന്നത് ശ്രദ്ധയിൽപ്പെട്ടാൽ തദ്ദേശവാസികളെ മുൻകൂട്ടി അറിയിക്കുന്നതിനുള്ള എസ്.എം.എസ് അലർട്ട് സിസ്റ്റം തുടങ്ങിയ സംവിധാനങ്ങളുടെ പ്രവർത്തനം കുറ്റമറ്റ രീതിയിലുള്ളതാണെന്ന് ഉറപ്പ് വരുത്തുക.

8. സമിതിയുടെ ചർച്ചകൾ കൃത്യമായും മിനിറ്റ്സ് ചെയ്യേണ്ടതാണ്. ടി മിനിറ്റ്സ് വർഷത്തിൽ രണ്ടു തവണ ഡിവിഷണൽ ഫോറസ്റ്റാഫീസർ പരിശോധിക്കേണ്ടതും, പരിശോധനാ റിപ്പോർട്ട് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാന്റ് & റിസോഴ്സസ്)ന് തുടർ നടപടികൾക്കായി സമർപ്പിക്കേണ്ടതുമാണ്.

9. അവശ്യം വേണ്ട സാഹചര്യങ്ങളിൽ കമ്മിറ്റിയ്ക്ക് വനം വകുപ്പിലെ ഉയർന്ന ഉദ്യോഗസ്ഥരുമായി നേരിട്ട് ബന്ധപ്പെടാവുന്നതാണ്.

10. സമിതിയുടെ ഒരു നടപടിക്രമങ്ങളും നിലവിലുള്ള ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റി/വനസംരക്ഷണ സമിതി പ്രവർത്തനങ്ങളെ പ്രത്യക്ഷമായോ പരോക്ഷമായോ ബാധിക്കുന്നതല്ല.